**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **13-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri M. M. Mani**<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം; ഇവർ കമ്മീഷൻ അംഗങ്ങൾ ആകുന്നതിന് മുൻപ് സർക്കാർ തലത്തിൽ വഹിച്ചിരുന്ന ഉദ്യോഗപദവി എന്താണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ; | (എ) | നിലവിലെ അംഗങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. 1) ശ്രീ പ്രേമൻ ദിനരാജ്, ഐ.എ.&എ.എസ് (Rtd.) - ചെയർമാൻ കംട്രോളർ & ആഡിറ്റർ ജനറലിന്റെ കീഴിൽ ഇൻഡ്യൻ ആഡിറ്റ് & അക്കൗണ്ട്സ് വകുപ്പിൽ കേരളത്തിന്റെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആയിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക്ക് എനർജിയിൽ 10 വർഷവും ഫോറിൻ ഗവൺമെന്റിന്റെ കീഴിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2) അഡ്വക്കേറ്റ്.എ.ജെ.വിൽസൺ - മെമ്പർ, നിയമം അഭിഭാഷകനായും പബ്ളിക്ക് പ്രോസിക്യൂട്ടറായും കേരള സം- സ്ഥാന വൈദ്യുതി ബോർഡിന്റെ സ്റ്റാൻഡിംഗ് കൗൺസിലായും കേരള സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. നിലവിലുള്ള ഒരു അംഗത്തിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുത ഉപഭോക്താക്കൾക്ക് നീതി ലഭിക്കാൻ രൂപീകൃതമായ വൈദ്യുത റഗുലേറ്ററി കമ്മീഷനിൽ ഉപഭോക്താക്കളെ പ്രതിനിധീകരിക്കുന്ന ആരും തന്നെയില്ല എന്നത് കമ്മീഷന്റെ നിഷ്പക്ഷതയെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിക്കുന്നതിനുള്ള യോഗ്യതകളെ സംബന്ധിച്ച് വൈദ്യുതി നിയമം 2003–ലെ എൺപത്തിനാലാം വകുപ്പിൽ സുവ്യക്തമായിപരാമർശിക്കുന്നുണ്ട്.അതിൽ ഉപഭോക്താക്കളുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ വിവിധ വിഭാഗം ഉപഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, സംസ്ഥാനത്തെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, നയങ്ങൾ എന്നിവ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മീഷന്റെ നിഷ്പക്ഷത ചോദ്യം ചെയ്യാതിരിക്കാൻ കമ്മീഷനിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് നിയമനം നടത്തുമ്പോൾ വൈദ്യുത ബോർഡുമായി ബന്ധപ്പെട്ടവരെ നിയമിക്കാതിരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്ന് വിശദമാക്കാമോ; | (സി) | വൈദ്യുതി നിയമം 2003-ലെ 82,84,85 എന്നീ വകുപ്പുകളിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ രൂപീകരണം,ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിക്കുന്നതിനുള്ള യോഗ്യതകൾ, അംഗങ്ങളെ തിരഞ്ഞെടു- ക്കുന്നതിനുള്ള സമിതിയുടെ രൂപീകരണം എന്നിവയെ സംബന്ധിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിയമത്തിലെ എൺപത്തിനാലാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും നൈപുണ്യവും, ആർജ്ജവവും, നിലപാടുകളിൽ സ്ഥിരതയുള്ളവരും, എഞ്ചിനീയറിംഗ്, ധനകാര്യം, വാണിജ്യം, സാമ്പത്തികം, നിയമം, വ്യവസ്ഥാപനം, (Management) എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മതിയായ അറിവും, പ്രാപ്തി<br>തെളിയിച്ചവരുമായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതായത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഉപവകുപ്പ് പ്രകാരമുള്ള മതിയായ യോഗ്യതയുള്ള ഏതൊരു വ്യക്തിക്കും, അവർ മുൻപു വഹിച്ചിരുന്ന പദവികളോ ചുമതലയുള്ള സ്ഥാപനമോ ബാധകമാകാതെ തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ചെയർമാനായോ, അംഗങ്ങളായോ തെരഞ്ഞെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ അത്തരം തെരഞ്ഞെടുപ്പുകൾ / നിയമനങ്ങൾ, വൈദ്യുതി നിയമം, 2003-ലെ 85 വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതിയുടെ (ഹൈക്കോടതിയുടെ ന്യായാധിപനായിരുന്ന ഒരു വ്യക്തി ചെയർ പേഴ്സണായ മൂന്നംഗ സമിതി) ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും. |
| (ഡി) | ഉത്തർ പ്രദേശ് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചെയർമാന് ആ സംസ്ഥാനത്തെ വൈദ്യുത വിതരണ കമ്പനിയുമായി പൂർവ്വകാല ബന്ധമുണ്ടായിരുന്നു എന്ന കണ്ടെത്തലിനെ തുടർന്ന് ഉത്തർപ്രദേശ് ഹൈക്കോടതി അദ്ദേഹത്തെ കമ്മീഷൻ ചെയർമാൻ സ്ഥാനത്ത് നിന്നും നീക്കംചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വൈദ്യുതി നിയമം, 2003 –ലെ വകുപ്പ് 85 ലെ അഞ്ചാം ഉപവകുപ്പ് പ്രകാരം, സംസ്ഥാന കമ്മീഷന്റെ ചെയർ പേഴ്സണായോ, അംഗമായോ ഏതെങ്കിലും വ്യക്തിയെ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് മുമ്പായി അംഗങ്ങ- ളുടെയോ, ചെയർമാന്റെയോ പ്രവർത്തനങ്ങളെയോ പ്രതികൂലമായി ബാധിക്കാനിടയുള്ള സാമ്പത്തികമോ അല്ലാത്തതുമായ താൽപ്പര്യങ്ങൾ ഒന്നും തന്നെയില്ലെന്ന് തെരഞ്ഞെടുപ്പ് സമിതി സ്വയം ഉറപ്പു വരുത്തേണ്ടതാണ്. ഉത്തർപ്രദേശ് റെഗുലേറ്ററി കമ്മീഷൻ ചെയർമാനെ തിരഞ്ഞെടുക്കാനുള്ള ശുപാർശ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചപ്പോൾ, മുകളിൽ സൂചിപ്പിച്ച ഉപവകുപ്പിന് വിരുദ്ധമായി, തങ്ങളിലർപ്പിച്ച ചുമതല നിറവേറ്റുന്നതിനു പകരം സർക്കാരിലേയ്ക്ക് കൈമാറുകയാണുണ്ടായത്. വൈദ്യുതി നിയമം 2003-ൽ നിഷ്കർഷിച്ചതിനു |

| | | | |
|---|---|---|---|
| | | | വിരുദ്ധമായി തെരഞ്ഞെടുപ്പ് സമിതി സ്വീകരിച്ച നടപടിയുടെ അടിസ്ഥാനത്തിലാണ് ചെയർമാൻ സ്ഥാനത്തേയ്ക്കുള്ള നിയമനം ഉത്തർപ്രദേശ് ഹൈക്കോടതി റദ്ദാക്കിയത്. |
| (ഇ) | ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, 23.07.2012-ലെ അതിന്റെ വിധി ന്യായത്തിലൂടെ (WP(C) No.19551 of 2012), കെ.എസ്.ഇ.ബി-യിൽ വഹിച്ചിരുന്ന പദവികൾ, റെഗുലേറ്ററി കമ്മീഷന്റെ ചെയർമാനോ അംഗമാകുന്നതിനോ തടസ്സമാകില്ലെന്ന് (വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 85(5) പ്രകാരം) പ്രസ്താവിക്കുകയുണ്ടായി. ഉത്തർപ്രദേശ് ഹൈക്കോടതി വിധി ശരിവച്ച സുപ്രീം കോടതി വിധി കേരളാ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൽ ബാധകമാകില്ല എന്നും പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. (വിധിന്യായത്തിലെ ഖണ്ഡിക 37). |

സെക്ഷൻ ഓഫീസർ